(സി) ക്രഷുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് മെച്ചപ്പെട്ട പോഷകാഹാരം ലഭ്യമാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബാലസേവികയ്ക്ക് 1,200 രൂപയും ആയയ്ക്ക് 800 രൂപയുമാണ് മാസവേതനമായി നൽകുന്നത്.

(ബി) ഒരു കുട്ടിക്ക് 2 രൂപ 8 പൈസയാണ് പോഷകാഹാരത്തിനായി നീക്കി വച്ചിട്ടുള്ളത്.

(സി) ഈ പദ്ധതിയിലെ ധനസഹായം സംബന്ധിച്ച് മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്ര സർക്കാരിന്റെ വനിതാ ശിശുക്ഷേമ വകുപ്പിനാണ് അധികാരമുള്ളത്. വേതന വർദ്ധനവ് ഉൾപ്പടെയുള്ള കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശം കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ ശുപാർശയിൽപ്പെടുത്തിയിട്ടുണ്ട്.

ശിശുക്ഷേമ സമിതിയുടെ ക്രഷുകൾ

278 (1703) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ക്രഷുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി എന്നാണ് നിലവിൽ വന്നതെന്നും ക്രഷുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് എപ്രകാരമാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ ;

(സി) ഫണ്ടിന്റെ അപര്യാപ്തത പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ക്രഷുകളുടെ നടത്തിപ്പ് ചുമതലയുള്ള ശിശുക്ഷേമ സമിതികളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1975 മുതൽ പദ്ധതി നിലവിൽവന്നു. കേന്ദ്ര സർക്കാരിന്റെ മാനവശേഷി മന്ത്രാലയത്തിന് കീഴിലുള്ള വനിതാ ശിശുക്ഷേമ വകുപ്പിന്റെ ധനസഹായത്തോട് കൂടിയാണ് ക്രഷുകൾ പ്രവർത്തിക്കുന്നത്.

(സി&ഡി) കേന്ദ്ര സർക്കാരിന്റെ മാനവശേഷി മന്ത്രാലയത്തിന് കീഴിലുള്ള വനിതാ ശിശുക്ഷേമ വകുപ്പിന്റെ ധനസഹായത്തോടുകൂടിയാണ് ക്രഷുകൾ പ്രവർത്തിക്കുന്നത്. ആയതിനാൽ ക്രഷുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും

279 (1704) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതും നിയമപരമായി ബന്ധം വേർപെടുത്തിയതുമായ സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും വിശദമാക്കുമോ ;

(ബി) ഇവ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്നതും പെൺമക്കൾ മാത്രമുള്ളതുമായ സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാണോയെന്നുള്ള വിവരം അറിയിക്കുമോ ?

ഉത്തരം

(എ-സി) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതും നിയമപരമായി ബന്ധം വേർപെടുത്തിയതുമായ സ്ത്രീകൾക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന പ്രത്യേക ക്ഷേമപദ്ധതികളോ ആനുകൂല്യങ്ങളോ നൽകുന്നില്ല.

സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ

280 (1705) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള ധനസഹായമാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly